# കപ്പൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം

**ISO 9001:2015**

**കുമരനെല്ലൂർ പി.ഒ, പാലക്കാട് ജില്ല – 679 552**

Phone– 0466 2276067

Mail Id : ddpkappurpkd@gmail.com

**ഭരണഭാഷ - മാതൃഭാഷ**

നമ്പർ-4056740-2026 തീയ്യതി-14/10/2026

**പുനർ ലേല പരസ്യം/ ക്വട്ടേഷൻ പരസ്യം**

വിഷയം-കപ്പൂർ ഗ്രാമപഞ്ചായത്ത്-വാർഡ് 12 ലെ 13-ാം നമ്പർ കൊള്ളന്നൂർ അംഗൻവാടി പൊളിച്ച് മാറ്റുന്നത് സംബന്ധിച്ച്

സൂചന-കപ്പൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16:05/2016 തീയതിയിലെ 03/01 നമ്പർ തീരുമാനം

**കപ്പൂർ ഗ്രാമപഞ്ചായത്ത്-വാർഡ് 12 ലെ 13-ാം നമ്പർ കൊള്ളന്നൂർ അംഗൻവാടി പൊളിച്ച് മാറ്റുന്നത് സംബന്ധിച്ച്**

കപ്പൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 12ലെ 13-ാം നമ്പർ കൊള്ളന്നൂർ അംഗൻവാടി പൊളിച്ച് മാറ്റൽ നിലവിലുള്ള ലേല നിബന്ധനകൾക്കും ചട്ടങ്ങൾക്കും വിധേയമായി പരസ്യമായി ലേലം ചെയ്ത് കൊടുക്കുന്നതാണ് ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 23/10/2026 തിയതി പകൽ 2.30 മണിക്ക് മുമ്പ് നിർദ്ദിഷ്ട നിരതദ്രവ്യം ഗ്രാമപഞ്ചായത്തിൽ ഒടുക്കി ആയതിന്റെ അസ്സൽ രസീതിയോ ഡിഡിയോ സഹിതം ലേലത്തിന് ഹാജരാകേണ്ടതാണ് താൽകാലികമായി ലേലം ഉറപ്പിക്കുന്ന ലേലതുകയുടെ മൂന്നിലൊന്ന് തുക 18% ജി.എസ്ടി ഉൾപ്പെടെ ഗ്രാമപഞ്ചായത്തിൽ ലേല ദിവസം തന്നെ ഒടുക്കേണ്ടതാണ് ലേലം ഉറപ്പിക്കുന്നതിനും റദ്ദാക്കുന്നതിനുമുള്ള അധികാരം ഗ്രാമപഞ്ചായത്ത് ഭരണസമിതിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ് കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും അറിയാവുന്നതാണ്

| ക്രമനം | ലേലഇനം | ഡെപ്പോസിറ്റ് തുക |
|---|---|---|
| 1 | **കപ്പൂർ ഗ്രാമപഞ്ചായത്ത്-വാർഡ് 12 ലെ 13-ാം നമ്പർ കൊള്ളന്നൂർ അംഗൻവാടി പൊളിച്ച് മാറ്റുന്നത് സംബന്ധിച്ച്** | 330 |

ലേല നിബന്ധനകളും വ്യവസ്ഥകളും

1. കപ്പൂർ ഗ്രാമപഞ്ചായത്തുമായി നിലവിൽ ഏതെങ്കിലും കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികളേയും പഞ്ചായത്തിൽ ഏതെങ്കിലും തരത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ളവരേയും ലേലത്തിൽ പങ്ക് കൊള്ളാൻ അനുവദിക്കുകയില്ല

2. താൽകാലികമായി ഉറപ്പിക്കുന്ന ലേലം സ്ഥിരപ്പെടുത്തുന്നതും അസ്ഥിരപ്പെടുത്തുന്നതും സംബന്ധിച്ചുള്ള പൂർണ്ണമായ അവകാശം പഞ്ചായത്ത് ഭരണസമിതിയിൽ സംബന്ധിച്ചുള്ള നിക്ഷിപ്തമാണ്

3) ലേലം വിജയിക്കുന്ന വ്യക്തി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരമുള്ള നികുതികളും സെസ്സുകളും അടക്കാൻ ബാധ്യസ്ഥനാണ്

4) ലേലം ഉറപ്പിച്ച് പഞ്ചായത്ത് കമ്മിറ്റി സ്ഥിരപ്പെടുത്തി നൽകുന്ന വ്യക്തി നിയമാനുസൃതമായും തുക അടവാക്കി പഞ്ചായത്തുമായി എഗ്രിമെൻറിൽ ഏർപ്പെട്ട് പഞ്ചായത്തുമായി പ്രവർത്തി പൂർത്തീകരിക്കേണ്ടതാകുന്നു.

3) ലേലം കൊള്ളുന്ന ആൾ ലേലം അംഗീകരിച്ച തീയതി മുതൽ 7 ദിവസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്

6) റവന്യൂ ജിയോളജി വകുപ്പുകളിൽ നിന്നും ആവശ്യമായ അനുമതികൾ ലേലം വിജയിക്കുന്ന വ്യക്തി സ്വയം വാങ്ങേണ്ടതാണ്

7) റോയൽറ്റി ചാർജ് ലേലം കൈകൊള്ളുന്നവർ അടവാക്കേണ്ടതാകുന്നു

KAPPUR GRAMA PANCHAYATH
PIN 679 554

(ഒപ്പ്)
സെക്രട്ടറി
കപ്പൂർ ഗ്രാമപഞ്ചായത്ത്

SECRETARY
Kappur Gramapanchayat
Kumaranellur. P. O. Palakkad

പകർപ്പ്-
1. പഞ്ചായത്ത് നോട്ടീസ് ബോർഡ്
2. കൃഷിഭവൻ നോട്ടീസ് ബോർഡ്
3. വില്ലേജ് ഓഫീസ് നോട്ടീസ് ബോർഡ്

# കപ്പൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം

**ISO 9001:2015**

**കുമരനെല്ലൂർ പി.ഒ, പാലക്കാട് ജില്ല – 679 552**

Phone– 0466 2276067

Mail Id : ddpkappurpkd@gmail.com


**ഭരണഭാഷ – മാതൃഭാഷ**

നമ്പർ-JC5-2655/24 തീയ്യതി-14/10/2026

**പുനർ ലേലപരസ്യം/ക്വട്ടേഷൻ പരസ്യം**

കപ്പൂർ ഗ്രാമപഞ്ചായത്തിലെ പഴയ വാഹനം ( മഹീന്ദ്ര ബൊലേറോ ജീപ്പ് ) ലേലം ചെയ്യുന്നതിൻറെ ഭാഗമായി ഈ ഓഫീസിൽ വച്ച് 23/10/2026 ഉച്ചക്ക് 2.00 പി എം ന് പരസ്യലേലം/ക്വട്ടേഷൻ നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നിശ്ചിത തുക നിരതദ്രവ്യം കെട്ടി ലേലത്തിൽ പങ്കെടുക്കേണ്ടതും ക്വട്ടേഷൻ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ ലേലദിവസം നിരതദ്രവ്യം പഞ്ചായത്ത് ഓഫീസിൽ ഒടുക്കി സീൽ ചെയ്ത കവറിൽ ക്വട്ടേഷൻ സമർപ്പിക്കേണ്ടതുമാണ്. ക്വട്ടേഷനുകൾ സമർപ്പിക്കുന്നവർ/ ടിയാൾ ചുമതലപ്പെടുത്തുന്ന ആൾ നിർബന്ധമായും ലേലസമയത്ത് ഹാജരാകേണ്ടതാണ്.

| ക്രമ നമ്പർ | ലേല ഇനം | നിരതദ്രവ്യം | ലേല തിയതി |
|---|---|---|---|
| 1 | മഹീന്ദ്ര ബൊലേറോ ജീപ്പ് (KL-52-C-2110) - 2010 മോഡൽ.. | 1100/- | 23/10/2026 ഉച്ചക്ക് 2.00 പി എം |

**കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസം ഓഫീസുമായി ബന്ധപ്പെട്ടാൽ നൽകുന്നതായിരിക്കും**

**ലേല വ്യവസ്ഥകൾ :::**

(1) ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നിരതദ്രവ്യം ലേലം ആരംഭിക്കുന്നതിന് മുൻപായി കെട്ടിവച്ച് ലേലത്തിൽ പങ്കെടുക്കേതാണ്

(2) ക്വട്ടേഷൻ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ ലേലദിവസം 1 പി എം ന് മുൻപായി നിരതദ്രവ്യം പഞ്ചായത്ത് ഓഫീസിൽ ഒടുക്കിയ രസീത് സഹിതം സീൽ ചെയ്ത കവറിൽ ക്വട്ടേഷൻ സമർപ്പിക്കേതുമാണ്.

(3) ലേലം താത്കാലികമായി ഉറപ്പിച്ച് കഴിഞ്ഞാലുടൻ തന്നെ ലഭിച്ചിട്ടുള്ള ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതും ലേല തുകയോ ക്വട്ടേഷൻ തുകയോ ഏതാണോ കൂടുതൽ ആ തുകയ്ക്ക് ലേലം താത്കാലികമായി ഉറപ്പിക്കുന്നതും 1/2 തുക അപ്പോൾ തന്നെ ഒടുക്കേണ്ടതുമാണ്.

(4) 1/2 തുക ഒടുക്കാൻ കഴിയാത്ത ലേലക്കാരൻ/ ക്വട്ടേഷനരുടെ നിരതദ്രവ്യം കണ്ടുകെട്ടുന്നതും തൊട്ടടുത്ത് ഏറ്റവും കൂടുതൽ തുക ക്വോട്ട് ചെയ്യപ്പെട്ടതോ ലേലം വിളി കേട്ടതോ ആയ ആളുടെ പേരിൽ യുക്തമെന്നു തോന്നുന്ന പക്ഷം ലേലം താത്കാലികമായി ഉറപ്പിക്കുന്നതും ടിയാൻ 1/2 തുക കെട്ടിവെക്കേണ്ടതുമാണ്.

(5) 1/2 തുക ഒടുക്കാൻ കഴിയാത്തവരുടെ നിരതദ്രവ്യം കണ്ടുകെട്ടുന്നതും കൂടിയ തുകയുടെ താഴെയുള്ള തുകയ്ക്ക് ലേലം ഉറപ്പിക്കുന്നത്/ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നത് എന്നിവ സംബന്ധിച്ച് വ്യക്തമായ തീരുമാനം എടുക്കുന്നതിനുള്ള അധികാരം ലേലം നടത്തുന്നതിനുള്ള ഉദ്യോഗസ്ഥന് ഉണ്ടായിരിക്കുന്നതാണ്.

(6) ക്വട്ടേഷൻ ലഭിക്കാതെ വന്നവരുടെ നിരതദ്രവ്യം, ലേലം/ ക്വട്ടേഷൻ നടപടികൾക്ക് ശേഷം തിരികെ നൽകുന്നതാണ്.

(7) ഗ്രാമപഞ്ചായത്ത് കമ്മിറ്റി ലേലം/ ക്വട്ടേഷൻ സ്ഥിരപ്പെടുത്തി കഴിഞ്ഞാൽ 7 ദിവസത്തിനകം ബാക്കി നിൽക്കുന്ന തുകയും ആകെ തുകയുടെ 18% ജി എസ് റ്റി യും പഞ്ചായത്ത് ഓഫീസിൽ ഒടുക്കുകയും 200/- രൂപ മുദ്രപത്രത്തിൽ ഒരു കരാർ ഉടമ്പടി എഴുതി ഹാജരാക്കേണ്ടതുമാണ്.

(8) ഗ്രാമപഞ്ചായത്ത് കമ്മിറ്റി ലേലം/ ക്വട്ടേഷൻ സ്ഥിരപ്പെടുത്തിയതായി അറിയിപ്പ് ലഭിച്ച് കഴിഞ്ഞാൽ സ്വന്തം ചെലവിൽ വാഹനം ഗ്രാമപഞ്ചായത്ത് കോമ്പൌണ്ട് നിന്നും 7 ദിവസത്തിനകം നീക്കം ചെയ്യേണ്ടതാണ്.

(9) ലേലത്തിന്റെ ഏതൊരു ഘട്ടത്തിലും പ്രത്യേക കാരണമൊന്നും രേഖപ്പെടുത്താതെ തന്നെ ലേലം നിറുത്തി വയ്ക്കുന്നതിനുള്ള അധികാരം നടത്തുന്ന ഉദ്യോഗസ്ഥന് ഉണ്ടായിരിക്കും.

(10) ലേല ദിവസം പൊതു അവധി പ്രഖ്യാപിക്കുകയോ മറ്റേതെങ്കിലും അപ്രതീക്ഷിത കാരണത്താലോ ലേലം നടത്താൻ സാധിക്കാതെ വരികയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം മുൻ നിശ്ചയിച്ച പ്രകാരം ലേലം നടത്തുന്നതായിരിക്കും.

(11) ലേല ഉരുപ്പടികൾ സ്ഥലത്തുനിന്ന് നീക്കം ചെയ്യുന്നതിനും ട്രാൻസ്പോർട്ട് ചെയ്യുന്നതിനുമുള്ള എല്ലാ അനുമതികളും ലേലം ഏറ്റെടുത്ത ആൾ സ്വന്തം ചെലവിൽ നേടി എടുക്കേണ്ടതാണ്.

KAPPUR GRAMA PANCHAYATH
PIN: 679 552

(ഒപ്പ്)
സെക്രട്ടറി
കപ്പൂർ ഗ്രാമപഞ്ചായത്ത്

SECRETARY
Kappur Gramapanchayat
K...anallur. P. O. Palakkad

പകർപ്പ്-

1. പഞ്ചായത്ത് നോട്ടീസ് ബോർഡ്
2. കൃഷിഭവൻ നോട്ടീസ് ബോർഡ്
3. വില്ലേജ് ഓഫീസ് നോട്ടീസ് ബോർഡ്